(28) നേത്രാവതി പുഴയിൽ നീരൊഴുക്ക് തടയുന്നത് ഒഴിവാക്കൽ

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, കാസർകോട് ജില്ലയുടെ കർണ്ണാടക അതിർത്തിയിൽ പശ്ചിമഘട്ട മലനിരകളിൽ നിന്ന് ഉൽഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകുന്ന നേത്രാവതി പുഴ വൃഷ്ടിപ്രദേശത്തു തന്നെ തടഞ്ഞു നിർത്തി ഗതി തിരിച്ചുവിടാൻ കർണ്ണാടക സർക്കാർ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കാസർകോട്-കണ്ണൂർ ജില്ലകളിലെ നദികളിലെ നീരൊഴുക്ക് സാരമായി കുറയാൻ ഇടയാക്കുന്ന ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നേത്രാവതി പുഴ ഇന്റർസ്റ്റേറ്റ് റിവർ അല്ല. കർണ്ണാടക സ്റ്റേറ്റിൽ നിന്നുത്ഭവിച്ച് കർണ്ണാടക സ്റ്റേറ്റിൽക്കൂടി ഒഴുകി അറബിക്കടലിൽ പതിക്കുന്ന പുഴയാണ്. അതൊരു ഇന്റർസ്റ്റേറ്റ് റിവർ അല്ലാത്തതുകൊണ്ട് നമുക്ക് ഇന്റർഫിയർ ചെയ്യാൻ സാധ്യമല്ല. പക്ഷേ നേത്രാവതി പുഴയിലേയ്ക്കു വരുന്ന ചന്ദ്രഗിരി, ഷിറിയ നദികളിലെ വെള്ളം കർണ്ണാടക ഗവൺമെന്റ് ഗതി തിരിച്ചുവിട്ടാൽ നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകും. നേത്രാവതി പുഴയെ കർണ്ണാടകത്തിന്റെ വടക്ക് കിഴക്ക് ജില്ലകളിലേക്ക് തിരിച്ചുവിടാൻ കർണ്ണാടക സർക്കാർ ഉദ്ദേശിക്കുന്നതായി നമുക്ക് വിവരം ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് കർണ്ണാടക സ്റ്റേറ്റിനോട് നേത്രാവതിയുടെ ഗതി തിരിച്ചുവിടാൻ, അവർ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ സംസ്ഥാന ഗവൺമെന്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ലഭിച്ചശേഷം ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(29) ചുള്ളിയാർ ഡാമിലെ ജലസംഭരണം

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ചുള്ളിയാർ ഡാം ഒരു ഫെയിൽഡ് ഡാമായി മാറിക്കഴിഞ്ഞു. അതിന്റെ കൃാച്ച്മെന്റ് ഏരിയ പൂർണ്ണമായി മഴനിഴൽ പ്രദേശമാണ്. തൊട്ടടുത്ത മീങ്കരയും അതുപോലയാണ്. ഇതിനെ രക്ഷിക്കാൻ പലകപ്പാണ്ടി പദ്ധതി കഴിയുംവേഗം അടുത്ത സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുകയും ചിറ്റൂർ പുഴ പദ്ധതിയുടെ വലതുകരകനാൽ വീതിയും ആഴവും കൂട്ടുകയും ചെയ്യേണ്ടതാണ്. മീങ്കര ചുള്ളിയാർ ഡാമിന്റെ ലിങ്ക് കനാലും അതുപോലെ ചെയ്തെങ്കിൽ മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. അതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പലകപ്പാണ്ടി പദ്ധതി വന്നു എങ്കിൽ മാത്രമേ ചിറ്റൂരിലെ കുറെ പ്രശ്നങ്ങൾ എങ്കിലും പരിഹരിക്കാൻ കഴിയുകയുള്ളൂ. ഇന്നലെ സഭയിൽ ഞാൻ അത് വ്യക്തമാക്കിയിരുന്നു. പലകപ്പാണ്ടി പദ്ധതി അടുത്ത സാമ്പത്തിക വർഷം ഏറ്റെടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. അതിനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. ചിറ്റൂർ പുഴയുടെ ഇടതുകര കനാൽ വഴി മീങ്കര ഡാമിലേയ്ക്ക് വെള്ളം തിരിച്ചുവിടാനായി 12.5 കോടി രൂപ മതിപ്പു ചെലവുള്ള ഒരു പദ്ധതി നിർദ്ദേശമുണ്ട്. അതും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly